

**കേന്ദ്ര മോട്ടോർ വാഹന ചട്ടം 31 : മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിലെ നിർദ്ദേശങ്ങൾ പകർന്നുകൊടുക്കുന്നതിന് വേണ്ടിയുള്ള സിലബസ്സ്**

(1) മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിലെ നിർദ്ദേശങ്ങൾ പകർന്നുകൊടുക്കുന്നതിനുള്ള സ്കൂളുകളുടെ അല്ലെങ്കിൽ എസ്റ്റബ്ലിഷ്മെൻറ്റുകളുടെ സിലബസ്സ് താഴെ പറയും പ്രകാരമായിരിക്കണം.

| <u>എ. ഡ്രൈവിംഗ് തിയറി-1</u> | |
|---|---|
| 1. നിങ്ങളുടെ വാഹനം അറിയുക | 2. :ആട്ടോമൊബൈൽ എൻജിനെറിച്ചും അതിൻറ്റെ പ്രവർത്തനത്തെക്കുറിച്ചും ലളിതമായ ആമുഖം |
| 2. വാഹന നിയന്ത്രണം<br>കാലുകൊണ്ടുള്ള നിയന്ത്രണം<br><br>കൈകൊണ്ടുള്ള നിയന്ത്രണം<br><br>മറ്റ് നിയന്ത്രണങ്ങൾ | ❖ ഫുട് ബ്രേക്ക്, ആക്സിലറേറ്റർ, ക്ലച്ച് ,ഡിപ്പർ (ഇപ്പോഴത്തെ മോഡലുകളിൽ ഇല്ല)<br>❖ സ്റ്റീയറിംഗ് വീൽ, ഹാൻ റ്റ് ബ്രേക്ക്, ഹോൺ, വൈപർ, ഇഗ്നീഷൻ സ്വിച്, സ്റ്റാർട്ടർ, ഡിപ്പർ, ഇൻറ്റിക്കേറ്ററുകൾ<br>❖ റിയർ വ്യൂ മിറർ (വലതും ഇടതും വശം), ഇൻസ്ട്രുമെൻറ്റ് ക്ലസ്റ്റർ, അളവ് ഉപകരണങ്ങൾ, ഡയലുകൾ, വിൻറ്റ് സ്ക്രീൻ-ഇവയുടെ ഉദ്ദേശ്യം |
| 3. ഡ്രൈവിംഗിന് മുൻപുള്ള പരിശോധനകൾ | 1) ഡ്രൈവർ സീറ്റിൽ ഇരിക്കുന്നതിനു മുൻപും<br>(2) ഡ്രൈവർ സീറ്റിലിരുന്നതിന് ശേഷം |
| 4. വാഹനം ഓടിക്കാൻ തുടങ്ങൽ | • ചലിക്കാൻ തുടങ്ങുന്നതിനു തൊട്ട് മുൻപുള്ള മുൻ കരുതലുകൾ,<br>• ചലിച്ച് കൊണ്ടിരിക്കുമ്പോൾ<br>• ബിറ്റിങ്ങ് പോയിൻറ്റ്(എൻജിനും ഫ്ലൈ വീലും കൂടിച്ചേരുന്ന പൊസിഷൻ-ഇവിടെ എൻജിൻറ്റെ സൗണ്ട് കുറച്ച് മാറുന്നു, എൻജിൻറ്റെ കറക്കം കുറച്ച് കുറയുന്നു. ) ചലിക്കുമ്പോൾ<br>• സ്റ്റീയറിംഗ് നിയന്ത്രണം<br>• ഗിയർ മാറൽ<br>• നിറുത്തൽ<br>• ബ്രേക്കിംഗ്<br>• ആക്സിലറേറ്റർ(പതിയെ ഉള്ളത്/പെട്ടെന്നുള്ളത്)<br>• ട്രാഫികിനേക്കുറിച്ചുള്ള ബോധം, റോഡിനെക്കുറിച്ചുള്ള ബോധം,തീരുമാനമെടുക്കൽ,<br>• പാർക്ക് ചെയ്യലും വാഹനം റോഡ് ഉപയോക്താക്കൾക്കനുസരിച്ച് സ്ഥാനം മാറ്റലും,പുറകോട്ടെടുക്കൽ |

| | |
|---|---|
| 5. റോഡിലൂടെയുള്ള ഓടിക്കൽ | മുൻ കൂട്ടി കാണൽ, തീരുമാനമെടുക്കൽ ,മറ്റ് റോഡ് ഉപയോക്താക്കൾക്കനുസരിച്ച് വാഹനത്തിന്റെ സ്ഥാനം മാറ്റൽ. |
| 6. ജംഷനുകളിൽ ഓടിക്കൽ | മിറർ, സിഗ്നൽ , മാനോവർ(എം എസ് എം) പൊസിഷൻ, സ്പീഡ്, ലുക്ക് (പി എസ് എൽ),കാഴ്ചയുടെ മേഖല |
| 7. മാനോവർസ് | കൂടിച്ചേരുന്നതും അകന്നു പോകുന്നതുമായ മാനോവർ, ഇടത്തോട്ട് വലത്തോട്ട് തിരിയാനുള്ള മാനോവർ-**3- പോയിൻറ്റ് തിരിയൽ,**   **5- പോയിൻറ്റ് തിരിയൽ,**   യു-ടേൺ, നിറുത്തിയിട്ടിരിക്കുന്ന വാഹനത്തെ മറികടക്കൽ, വാഹനത്തിൻറ്റെ വലത് വശത്ത് കൂടെ ഇടത് വശത്ത് കൂടെ കടന്ന് പോകൽ. |
| 8. പുറകോട്ടെടുക്കൽ | ഇരുന്ന് കൊണ്ട് റിവേഴ്സ് ഗിയറിൻറ്റെ സ്ഥാനം കണ്ടെത്തൽ, വേഗത് നിയന്ത്രണം, റിവേഴ്സ് ഗിയറിൽ തിരിക്കൽ, എസ് വളവിലൂടെ വളഞ്ഞ് പുളഞ്ഞ് പോകൽ, സാധാരണ വരുന്ന തെറ്റുകൾ |
| 9. പാർക്ക് ചെയ്യൽ | സമാന്തരം, ചരിച്ച്, ലംബമായി, കയറ്റത്തെ അഭിമുഖീകരിച്ച്, ഇറക്കത്തെ അഭിമുഖീകരിച്ച്, സാധരണ വരുന്ന തെറ്റുകൾ. |
| 10. റോഡിൽ ഡ്രൈവറുടെ ഉത്തരവാദിത്വം | ഡ്രൈവിംഗ് സ്വഭാവം, മറ്റ് റോഡ് ഉപയോക്താക്കളെ പരിഗണിക്കൽ, മര്യാദ , മൽസരം, അമിത ആത്മവിശ്വാസം, ക്ഷമയില്ലായ്മ, ഡിഫൻസീവ് ഡ്രൈവിംഗ്, റെയിൽവേ ക്രോസ്സിംഗിലൂടെ ഓടിക്കുംബോൾ കാറുകൾ തമ്മിലുള്ള അകലം |
| 11. ചില വാഹനങ്ങൾക്കുള്ള മുൻഗണന | എമർജെൻസി വാഹനങ്ങൾ, ഫയർ എൻജിനുകൾ, ആംബുലൻസുകൾ |
| **ബി- ട്രാഫിക് വിദ്യാഭ്യാസം-1** | |

| | |
|---|---|
| 1. ഡ്രൈവിംഗിലെ നിയന്ത്രണങ്ങൾ | മോട്ടോർ വാഹന നിയമം 1988 വകുപ്പ് 118 ന് കീഴിൽ ഉണ്ടാക്കിയിരിക്കുന്ന റോഡ് ഉപയോഗിക്കുന്നതിലെ നിയന്ത്രണങ്ങൾ |
| 2. കൈ കൊണ്ടുള്ള അടയാളങ്ങൾ | മുകളിൽ പറഞ്ഞ അതേ നിയമമനുസരിച്ച് |
| 3. ട്രാഫിക് ചിഹ്നങ്ങൾ | മോട്ടോർ വാഹന നിയമം 1988 ഷെഡ്യൂൾ പ്രകാരമുള്ളത് |
| 4. ട്രാഫിക് വാർഡൻറ്റെ/ട്രാഫിക് കോൺസ്റ്റബിളിൻറ്റെ കൈകൊണ്ടുള്ള അടയാളങ്ങൾ | |
| 5. ആട്ടോമാറ്റിക് ലൈറ്റ് സിഗ്നലുകളെക്കുറിച്ചുള്ള ആമുഖം | |
| 6. റോഡ് മാർക്കിങ്ങുകളെക്കുറിച്ച് ആമുഖം | |
| 7. ഹൈവേകളിലും സിറ്റി റോഡുകളിലേയും വേഗത നിയന്ത്രണം | |
| 8. നിരോധിത മേഖലകളിലെ പാർക്കിംഗ് | |
| 9. മോട്ടോർ വാഹന നിയമം 1988 ലെ ചില പ്രധാന വകുപ്പുകളായ 122,123,125,126,128 | |
| 10. ഡ്രൈവ് ചെയ്യുന്നതിനുള്ള യോഗ്യത ടെസ്റ്റ് | കേന്ദ്ര മോട്ടോർ വാഹന ചട്ടം 1989 ചട്ടം 15 ഉപചട്ടം (3) |
| **സി- ലൈറ്റ് വാഹനങ്ങളുടെ ഡ്രൈവിംഗ് പരിശീലനം** | |
| 1. വാഹനങ്ങളുടെ വിവിധ ഭാഗങ്ങളുടെ തിരിച്ചറിയൽ | |
| 2. ഡ്രൈവിംഗിന് മുൻപുള്ള പരിശോധനകൾ | 1. ഡ്രൈവർ സീറ്റിൽ ഇരിക്കുന്നതിന് മുൻപ്<br>2. ഡ്രൈവർ സീറ്റിലിരിന്നതിന് ശേഷം |
| 3. സ്റ്റീയറിംഗ് ഉപയോഗിക്കൽ പരിശീലനം | തള്ളൽ വലിക്കൽ രീതി |
| 4. ബിറ്റിംഗ് പോയിൻറ്(എൻജിനും ഫ്ലൈ വീലും കൂടിച്ചേരുന്ന പൊസിഷൻ-ഇവിടെ എൻജിൻറ്റെ സൗണ്ട് കുറച്ച് മാറുന്നു, എൻജിൻറ്റെ കറക്കം കുറച്ച് കുറയുന്നു. ) | |
| 5. വാഹനം ചലിച്ച് തുടങ്ങലും ഗിയറുകൾ മാറലും | |
| 6. നിറുത്തൽ | ❖ സാധരണയുള്ള നിറുത്തൽ |

| | |
|---|---|
| | ❖ അടിയന്തിരമായി നിറുത്തൽ |
| 7. റോഡിൽ ഡ്രൈവ് ചെയ്യുമ്പോൾ മുൻ കൂട്ടി കാണാനും തീരുമാനമെടുക്കാനുമുള്ള കഴിവ് വളർത്തിയെടുക്കൽ | |
| 8. പുറകോട്ടെടുക്കൽ | ❖ നേരെ<br>❖ എസ് വളവിലൂടെ |
| 9. വട്ടം തിരിയലും പാർക്കിങ്ങും | |
| 10. ലൈസൻസ് കൊടുക്കൽ | |
| **<u>ഡി- വാഹനത്തിൻറ്റെ പ്രവർത്തനവും അറ്റകുറ്റ പണികളും</u>** | |
| 1. വാഹനത്തിൻറ്റെ ഘടന | |
| 2. ഡീസലും പെട്രോളും എൻജിനുകളുടെയും പ്രവർത്തനം | |
| 3. ഫ്യുവൽ സിസ്റ്റം | ഫ്യുവൽ ലൈനുകൾ, ഫ്യുവൽ ഇൻജെക്ട് ചെയ്യുന്ന പമ്പ്, ആറ്റോമൈസർ (ഫ്യുവൽ ഇൻജെക്ടർ), എയർ ലോക്ക്, ഓയിൽ ബ്ലോക് |
| 4. കൂളിംഗ് സിസ്റ്റം | • ഉദ്ദേശം<br>• റേഡിയേറ്റർ<br>• വാട്ടർ പമ്പ്<br>• ഫാൻ ലീഫ്/ഫാൻ ബെൽറ്റ്<br>• റേഡിയേറ്റർ വെള്ളം തിളക്കൽ<br>• പരിഹരിക്കൽ |
| 5. ലൂബ്രിക്കേഷൻ സംവിധാനം | • ഉദ്ദേശം<br>• എൻജിൻ ലൂബ്രിക്കേഷൻ<br>• ചാസ്സിസ് ലൂബ്രിക്കേഷൻ<br>• ഓരൊ യൂണിറ്റിനുമായുള്ള ഓയിൽൻറ്റെ ഗ്രേഡ് നമ്പറുകൾ |
| 6. ട്രാൻസ്മിഷൻ സിസ്റ്റം | (എ) ക്ലച്ച്: - പ്രവർത്തനം<br>- സ്ലിപ്പ്<br>- റൈസിംഗ്<br>- ലിംഗേജുകൾ<br>(ബി) ഗിയർ ബോക്സ്: - പ്രവർത്തനം<br>- ഉദ്ദേശം<br>- ഭാഗങ്ങൾ<br>(സി) പ്രൊപ്പല്ലർ ഷാഫ്റ്റ് - പ്രവർത്തനം/ ഉദ്ദേശം<br>- യോക്ക്<br>ജോയിൻറ്റ് |

| | |
|---|---|
| | - ഡി ജെ ബിയറിംഗ് സ്ലിപ്പ്<br>- യു ജോയിൻറ്റ്<br>- ലൂബ്രിക്കേഷൻ<br>(ഡി) ഡിഫറൻഷ്യൽ - ഉദ്ദേശം/ പ്രവർത്തനം<br>- ശബ്ദം |
| 7. സസ്പെൻഷൻ സംവിധാനം | • ഉദ്ദേശം<br>• സ്പ്രിങ്ങുകൾ<br>• ഷാക്കിൾ, ഷാക്കിൾ പിൻ ബുഷ്<br>• ഷോക്ക് അബ്സോർബർ അതിൻറ്റെ ബുഷുകൾ |
| 8. സ്റ്റിയറിംഗ് സംവിധാനം | • ഉദ്ദേശം<br>• സ്റ്റിയറിംഗ് ജ്യോമട്രി<br>• സ്റ്റിയറിംഗ് ലിങ്കേജുകൾ<br>• സ്റ്റിയറിംഗ് ബോക്സ് |
| 9. ബ്രേക്ക് സംവിധാനം | • ഉദ്ദേശം<br>• ഹൈഡ്രോളിക് ബ്രേക്കും അതിന്റ്റെ പ്രവത്തനവും<br>• വായുവിൻറ്റെ സഹായത്താൽ പ്രവർത്തിക്കുന്ന് ഹൈഡ്രോളിക് ബ്രേക്ക് അതിൻറ്റെ പ്രവർത്തനം<br>• എയർ ബ്രേക്ക് അതിൻറ്റെ പ്രവർത്തനം<br>• ബ്രേക്ക് സംവിധാനത്തിലെ മുഴുവൻ അഡ്ജസ്റ്റ്മെൻറ്റ്കളും |
| 10. ഇലക്ട്രിക്കൽ സംവിധാനം | • ബാറ്ററിയും അതിൻറ്റെ അവസ്ഥയും<br>• ഡയനാമോ/ആൾട്ടർനേറ്റർ<br>• സെൽഫ് മോട്ടോർ, സ്റ്റാർട്ടർ മോട്ടോർ, റെഗുലേറ്ററുകൾ, ലൈറ്റുകൾ<br>• ആമ്പിയർ മീറ്ററിൽ നോക്കി ചാർജിംഗ് റേറ്റ് വായിച്ചെടുക്കാനുള്ള അറിവ് |
| 11. ടയറുകൾ | • ടയറുകളെക്കുറിച്ചുള്ള പഠനം<br>• പരിപാലനം/അറ്റകുറ്റ പണികൾ<br>• തകരാറുകൾ ഉള്ള ടയറുകൾ ഉപയോഗിച്ചാലുള്ള കുഴപ്പങ്ങളും വീൽ അലൈന്മെൻറ്റും |
| 12. ഇൻസ്ട്രുമെൻറ്റ്സ് ക്ലസ്റ്റർ, ഡാഷ് ബോർഡ് മീറ്ററുകൾ, അവയുടെ ഉദ്ദേശങ്ങളും പ്രവർത്തനങ്ങളും. | |

| ഇ- മീഡിയം ഹെവി വാഹനങ്ങളുടെ ഡ്രൈവിംഗ്<br>ഡ്രൈവിംഗ് തിയറി -2 | |
|---|---|
| 1. നല്ല ഡ്രൈവറുടെ ഗുണങ്ങൾ | ക്ഷമ, ഉത്തരവാദിത്വം, ആത്മ വിശ്വാസം, മുൻ കൂട്ടി കാണാനുള്ള കഴിവ്, ശ്രദ്ധ,മര്യാദ, ഡിഫൻസീവ് ഡ്രൈവിംഗ്, റോഡ് ചട്ടങ്ങളെക്കുറിച്ചും നിയന്ത്രണങ്ങളെക്കുറിച്ചുമുള്ള അറിവ്, വാഹന നിയന്ത്രണ സംവിധാനങ്ങളെക്കുറിച്ചും പരിപാലനത്തെക്കുറിച്ചും ലളിതമായി വാഹന യന്ത്രപ്രവർത്തനത്തേക്കുറിച്ചുമുള്ള അറിവ് |
| 2. വാഹന നിയന്ത്രണ സംവിധാനങ്ങളെക്കുറിച്ചുള്ള അറിവ്. | • മുഖ്യ നിയന്ത്രണങ്ങൾ<br>• അപ്രധാന നിയന്ത്രണങ്ങൾ |
| 3. നിയന്ത്രണ സംവിധാനങ്ങളുടെ പ്രതികരണം | • ആക്സിലറേറ്റർ<br>• ബ്രേക്ക്-പടിപടിയായി/പെട്ടെന്ന്/പെട്ടെന്ന് തീവ്രമായി<br>• ക്ലച്ച്<br>• സ്റ്റിയറിംഗ് |
| 4. ഡ്രൈവിംഗ് തുടങ്ങുന്നതിന് മുൻപുള്ള പരിശോധനകൾ | • ഡ്രൈവർ സീറ്റിലിരിക്കുന്നതിന് മുൻപായി<br>• ഡ്രൈവർ സീറ്റിലിരുന്നതിന് ശേഷം |
| 5. സ്റ്റിയറിംഗ് വീലിൽ പിടിക്കൽ | • തള്ളൽ വലിക്കൽ രീതിയിൽ പരിശീലിക്കൽ<br>• നീങ്ങിക്കൊണ്ടിരിക്കുമ്പോൾ<br>• ഗിയർ മാറുമ്പോൾ<br>• തിരിയുമ്പോൾ<br>• ഹോൺ മുഴക്കുമ്പോൾ<br>• ഡാഷ് ബോഡിലെ സ്വിച്ചുകൾ പ്രവർത്തിപ്പിക്കുമ്പോൾ<br>• സിഗ്നലുകൾ കൊടുക്കുമ്പോൽ<br>• അടിയന്തിര ഘട്ടത്തിൽ |
| 6. ഗിയർ മാറൽ | • ഡബിൾ ഡി-ക്ലച്ചിംഗ്, പ്രാഥാന്യം, ചെയ്യേണ്ട വിധം<br>• സിംഗിൾ ക്ലച്ചിംഗ്<br>• ഗിയർ മുന്നോട്ട് മാറ്റേണ്ട രീതി, ലോവർ ഗിയറിലേക്ക് മാറ്റൽ<br>• ഗിയർ താഴേക്ക് മാറ്റേണ്ട രീതി, ഹൈയർ ഗിയറിലേക്ക് മാറ്റൽ |
| 7. ഡ്രൈവിംഗ് ആരംഭം | • ഒന്നാമത്തെ ഗിയർ |

| | |
|---|---|
| | • രണ്ടാമത്തെ ഗിയർ<br>• മൂന്നാമത്തെ ഗിയർ<br>• നാലാമത്തെ ഗിയർ<br>• അഞ്ചാമത്തെ ഗിയർ<br>• റിവേഴ്സ് ഗിയർ<br>• ഓവർ ഡ്രൈവ്/ഒപ്ഷണൽ |
| 8. എം എസ് എം, പി എസ് എൽ ചെയ്യേണ്ട രീതി | |
| 9. ഓടിച്ച് പോകൽ (മാനോവർ) | കടന്ന് പോകുമ്പോൾ, കൂടിച്ചേരുമ്പോൾ, അകന്ന് പോകുമ്പോൾ, മറികടക്കുമ്പോൾ, മുറിച്ച് കടക്കുമ്പോൾ, തിരിയുമ്പോൾ,കോർണർ ചെയ്യുമ്പോൾ, പുറകോട്ടെടുക്കുമ്പോൾ, പാർക്ക് ചെയ്യുമ്പോൾ |
| 10. നിറുത്തൽ | • സാധാരണയുള്ള നിറുത്തൽ<br>• അടിയന്തിരമായി നിറുത്തൽ<br>• എൻജിൻ ബ്രേക്ക്/എക്സ്ഹോസ്റ്റ് ബ്രേക്ക് ൻറ്റെ ഉപയോഗം |
| 11. നിറുത്താനെടുക്കുന്ന ദൂരം | • പ്രതികരണ സമയം സഞ്ചരിക്കുന്ന ദൂരം<br>• ബ്രേക്ക് ചെയ്ത് നിറുത്താനെടുക്കുന്ന ദൂരം |
| 12. പിന്തുടരേണ്ട ദൂരം | • അർത്ഥമാക്കുന്നത്<br>• ദൂരം ഉപയോഗിച്ചുള്ള രീതി<br>• കാറിൻറ്റെ നീളം ഉപയോഗിക്കുന്ന രീതി<br>• 2 സെക്കൻറ്റ് സമയ നിയമം രീതി |
| 13. തിരിച്ചറിയൽ (ഐഡൻ റ്റി ഫിക്കേഷൻ), ദീർഘദർശനം (പ്രഡിക്ഷൻ),തീരുമാനം (ഡിസിഷൻ), പ്രാവർത്തീകമാക്കൽ (എക്സിക്യൂഷൻ) [IPDE-Defensive driving] തത്വം | |
| 14. ഡിഫൻസീവ് ഡ്രൈവിംഗ് സമ്പ്രദായം | • നിർണ്ണയിക്കൽ<br>• മുൻ കൂട്ടി കാണൽ<br>• ഒഴിവാക്കാനുള്ള വഴി |
| 15. രാത്രി വാഹനം ഓടിക്കൽ | • ഹെഡ് ലൈറ്റ് സ്വിച്ചിൻ റ്റെ സ്ഥാനം<br>• ചെയ്യേണ്ട വിധം<br>• ലാമ്പുകൾ കത്തിക്കേണ്ടതിൻ റ്റെ ബാധ്യത<br>• ലാമ്പുകൾ കത്തിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ |

| | |
|---|---|
| 16. മലമ്പാതയിലൂടെയുള്ള ഓടിക്കൽ | • മലമ്പാതയിൽ പാർക്കിംഗ് ബ്രേക്ക് സമ്പ്രദായം ഉപയോഗിച്ച് ഓടിക്കാൻ തുടങ്ങൽ<br>• ക്ലച്ച് സ്ലിപ്പിംഗ് സമ്പ്രദായത്തിലൂടെ ഓടിക്കൽ<br>• മലമ്പാതയിൽ കയറ്റത്തേക്ക് ഓടിക്കൽ<br>• മലമ്പാതയിൽ ഇറക്കത്തേക്ക് ഓടിക്കൽ |
| 17. അടിയന്തിര ഘട്ടങ്ങളിൽ ഓടിക്കൽ | വാഹനം തെന്നിപ്പോകൽ, ഹോൺ ഉടക്കിപ്പോകൽ, തീ, വീൽ ഊരിപ്പോകൽ, ബ്രേക്ക് പോകൽ, സ്റ്റബ്ബ് ആക്സിൽ ഒടിയൽ, മുൻ ടയർ പൊട്ടിപ്പോകൽ, സ്റ്റിയറിംഗ് ചാഞ്ചാട്ടം (വോബ്ലിങ്ങ്), സ്റ്റിയറിംഗ് ലിങ്കേജുകൾ വിട്ട് പോവുക, ആക്സിലറേറ്റർ പെഡൽ ജാമ്മാവുക, ക്ലച്ച് റോഡ് വിട്ട് പോകൽ, ഡിസേബിൾഡ് വാഹനങ്ങളുമായി ഇടിയുണ്ടാകാൻ സാധ്യതയുള്ളത് പോലുള്ള പ്രത്യേക സാഹചര്യങ്ങൾ, കുന്ന് ഇറക്കം ഇറങ്ങുംബോളുള്ള ബ്രേക്ക് പോകൽ, വാഹനത്തിൻ റ്റെ മുന്നിൽ വരുന്ന പെട്ടെന്നുള്ള തടസ്സം ഇവക്കൊക്കെ ഇത് വരാതിരിക്കാനുള്ള മുൻ കരുതൽ എടുക്കുകയാണ് വേണ്ടത്. |
| 18. പ്രത്യേക സാഹചര്യങ്ങളിൽ വാഹനം ഓടിക്കൽ | • വർഷകാലത്ത്<br>• രാവിലെ, വൈകുന്നേരം, മഞ്ഞുള്ള റോഡുകളിൽ<br>• തിരക്കുള്ള ട്രാഫിക്കിൽ |
| 19. കെട്ടിവലിക്കൽ (ട്രെയ് ലർ ഡ്രൈവിംഗ്) | • ചെയ്യേണ്ട വിധം<br>• 'ON-TOW' ബോർഡ്<br>• വലിച്ച് കൊണ്ട് പോകുമ്പോഴുള്ള വേഗത<br>• ട്രെയ് ലർ ഉള്ളപ്പോൾ പുറകോട്ടെടുക്കലും വാഹനത്തിൻറ്റെ സ്ഥാനവും |
| 20. ഇന്ധന ക്ഷമതക്കുള്ള രീതികൾ | |
| 21. റിപ്പോർട്ടുകൾ-ചർച്ചകൾ | |
| എഫ്- ട്രാഫിക് എഡ്യൂക്കേഷൻ-2 | |
| 1. നിങ്ങളുടെ റോഡിനെ അറിയുക | • നിർവ്വഹണമനുസരിച്ചുള്ള തരം തിരിക്കൽ<br>• രൂപകല്പന അനുസരിച്ച് അനുവദിച്ചിരിക്കുന്ന വേഗത<br>• റോഡ് ജ്യോമട്രി |

| | |
|---|---|
| | • വിവിധ തരം പ്രതലങ്ങളും അതിൻറ്റെ സ്വഭാവങ്ങളും<br>• ചരിവും ഉയരവും |
| 2. കാണാവുന്ന ദൂരം | • വളവുകളിൽ<br>• ജംഗ്ഷനുകളിൽ |
| 3. റോഡ് ജംഗ്ഷനുകൾ | • പ്രിൻസിപ്പിൾസും തരങ്ങളും<br>• ടി-ജംഗ്ഷനുകൾ<br>• വൈ-ജംഗ്ഷനുകൾ<br>• 4-കൈകളുള്ള ജംഗ്ഷനുകൾ<br>• സ്റ്റാഗേഡ് ജംഗ്ഷൻ(എല്ലാ റോഡുകളും ഒരു പോയിൻറ്റിൽ ചേരാത്ത ജംഗ്ഷൻ)<br>• നിയന്ത്രണമുള്ള ജംഗ്ഷൻ<br>• നിയന്ത്രണമില്ലാത്ത ജംഗ്ഷൻ |
| 4. ട്രാഫിക് ഐലൻറ്റുകൾ | • വിവിധ തരം റൗണ്ട് എബൗട്ടുകൾ<br>• ചാനലൈസറുകൾ, മീഡിയനുകൾ |
| 5. ബൈ പാസ്സ്, സബ്ബ് വേ, ഓവർ ബ്രിഡ്ജ്, ഫ്ലൈ ഓവർ | • ഉദ്ദേശം<br>• ഡ്രൈവ് ചെയ്യേണ്ട വിധം |
| 6. ബസ് സ്റ്റോപ്പ്, ബസ് ടെർമിനസ്, ബസ് സ്റ്റാൻറ്റ് | കയറൽ, ഇറങ്ങൽ രീതി |
| 7. റോഡ് മാർക്കിംഗുകൾ | • വെള്ള വര: തുടർച്ചയായുള്ളതും, ഇടവിട്ടുള്ളതും<br>• മഞ്ഞ വര<br>• ലെയിൻ അടയാളപ്പെടുത്തൽ<br>• സീബ്ര ക്രോസ്സിംഗ്<br>• സ്റ്റോപ്പ് ലൈൻ<br>• പാർക്കിംഗിനുള്ള അടയാളപ്പെടുത്തൽ<br>• റോഡ് സൂചകങ്ങളെക്കുറിച്ചുള്ള ബോധം |
| 8. ലൈൻ തിർഞ്ഞെടുക്കലും ലൈൻ അച്ചടക്കവും | |
| 9. താനെ പ്രവർത്തിക്കുന്ന ലൈറ്റ് സൂചകങ്ങൾ | |
| 10. റോഡ് ഉപയോക്താക്കളുടെ സ്വഭാവങ്ങൾ | • കാൽനടയാത്രക്കാരൻ, മദ്യപൻ, കുട്ടികൾ, അന്ധർ,ബധിരർ, ഊമ,യുവാക്കൾ, കുട്ടികളുമായി വരുന്ന മുതിർന്ന സ്ത്രീകൾ,<br>• പതുക്കെ പോകുന്ന വാഹനങ്ങൾ, മോപ്പെടുകൾ, മോട്ടോർ സൈക്കിളുകൾ, ആട്ടോകൾ, ടെമ്പോകൾ, വാനുകൾ,ബസുകൾ, ട്രക്കുകൾ, വി ഐ |

| | |
|---|---|
| | പി കൾ, ആമ്പുലൻസുകൾ, ഫയർ എൻജിൻ, മൃഗങ്ങൾ |
| 11. അപകടങ്ങൾ | • വിവിധ തരം അപകടങ്ങൾ<br>• അപകടങ്ങളുടെ കാരണങ്ങൾ<br>• അപകടങ്ങൾ ഒഴിവാക്കാനുള്ള രീതികൾ<br>• അപകടം ഉണ്ടാകുംബോൾ ഡ്രൈവറുടെ ഉത്തരവാദിത്വവും ഡ്രൈവർ ചെയ്യേണ്ട കാര്യങ്ങളും. |
| 12. മോട്ടോർ വാഹന നിയമം 1988 ലെയും കേന്ദ്ര മോട്ടോർ വാഹന ചട്ടം 1989 ലെയും സംസ്ഥാന ചട്ടങ്ങളിലേയും പ്രാധാന വ്യവസ്ഥകൾ. | • ചില നിർവ്വചനങ്ങൾ<br>• ഡ്രൈവിംഗ് ലൈസൻസും അതിൻ റ്റെ പുതുക്കലും<br>• ഡ്രൈവിംഗ് ലൈസൻസ്, രെജിസ്റ്റ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, ഇൻഷുറൻസ്, പെർമിറ്റ്, ടാക്സേഷൻ കാർഡ് അല്ലെങ്കിൽ ടാക്സ് ടോക്കൺ ഇവ കൊണ്ട് നടക്കലും പരിശോധനാ ഉദ്യോഗസ്ഥൻ ആവിശ്യപ്പെടുംബോൾ ഹാജരാക്കലും.<br>• മോട്ടോർ വാഹന നിയമത്തിലും ചട്ടത്തിലും പറഞ്ഞിരിക്കുന്ന ട്രാഫിക് കുറ്റകൃത്യങ്ങളും അതിൻറ്റെ ശിക്ഷയും<br>• പെട്രോളിയം നിയമം 1934 ൻറ്റെ പ്രസക്ത ഭാഗങ്ങൾ<br>• സിറ്റി പോലീസ് നിയമം<br>• ഇന്ത്യൻ പീനൽ കോഡ് 1860 |

**ജി- ഡ്രൈവർമാരുടെ പൊതു ജന സമ്പർക്കം**

മറ്റ് റോഡ് ഉപയോക്താക്കളോട് മര്യാദയോടും ധാർമ്മീകവുമായി പെരുമാറുന്നതിനെക്കുറിച്ച് കുറച്ച് അടിസ്ഥാന കാഴ്ചപ്പാട്

**എച്- ഹെവി വാഹന ഡ്രൈവിംഗ് പരിശീലനം**

| | |
|---|---|
| 1. വിവിധ ഇൻസ്ട്രുമെൻ റ്റുകളെ പരിചയപ്പെടൽ | ഡയലുള്ള അളവുപകരണവും നിയന്ത്രണങ്ങളും |
| 2. ഡ്രൈവിംഗ് തുടങ്ങുന്നതിന് മുൻപുള്ള പരിശോധനകൾ | • ഡ്രൈവർ സീറ്റിലിരിക്കുന്നതിന് മുൻപായി<br>• ഡ്രൈവർ സീറ്റിലിരുന്നതിന് ശേഷം |
| 3. ഡ്രൈവിംഗ് ആരംഭിക്കൽ | ബിറ്റിംഗ് പോയിൻറ്റ്, നീങ്ങി തുടങ്ങൽ, ഡബിൾ ഡി- ക്ലച്ചിംഗോടുകൂടിയ ഗിയർ മാറൽ,സ്റ്റിയർ ചെയ്യൽ, നിറുത്തൽ, കൈ കൊണ്ടുള്ള അടയാളങ്ങൾ. |
| 4. ഉൾ നാടൻ റോഡിലൂടെയുള്ള ഡ്രൈവിംഗ് | ഐ. ബി.ഡി.ഇ തത്വം ഉപയോഗിക്കൽ |

| | |
|---|---|
| 5. തീരുമാനമെടുക്കനുള്ള കഴിവ് വളർത്തിക്കൊണ്ട് വരൽ | കടന്ന് പോവുക, മറികടക്കൽ, കൂടിച്ചേരൽ, അകന്ന് പോകൽ, MSM(Mirror, signal,Manoeuvre) ഉം PSL(Position speed Look)ഉം ചെയ്യേണ്ട രീതി പരിശീലിക്കൽ, ഡിഫെൻസിവ് ഡ്രൈവിംഗ് സമ്പ്രദായം, ശരിയയ പിന്തുടരൽ. |
| 6. മുൻ കൂട്ടി കാണാനുള്ള കഴിവ് വളർത്തിയെടുക്കൽ. | തിരിയൽ, ഒത്തുചേരൽ, ജംഗ്ഷനിലേക്ക് കയറലും ജംഗ്ഷനിലൂടെ പോകലും, ലൈൻ തിരഞ്ഞെടുക്കലും ലൈൻ മര്യാദയും, മുറിച്ച് കടക്കൽ, നിരീക്ഷണം. |
| 7. തിരക്കേറിയ തെരുവിൽ വാഹനം ഓടിക്കാനുള്ള കഴിവ് വളർത്തൽ | |
| 8. രാത്രി ഡ്രൈവിംഗ് | |
| 9. ദീർഘദൂരം ഓടിക്കാനുള്ള പരിശീലനം,മലമ്പാതകളിലെ ഡ്രൈവിംഗ് | |
| 10. ഇൻറ്റേർണൽ ട്രേഡ് ടെസ്റ്റ് | |
| 11. പുറകോട്ടെടുക്കാനും പാർക്കിംഗിനുമുള്ള പരിശീലനം | |
| 12. ലൈസൻസ് കൊടുക്കൽ | |

## ഐ. തീ കൊണ്ടുള്ള ആപത്തുകൾ

വാഹനത്തിലെ തീ കെടുത്താനും തടയാനും ഉള്ള രീതികൾ

## ജെ. വാഹന പരിപാലനം

1. മോശമായതും അലക്ഷ്യവുമായ ഡ്രൈവിംഗ് മൂലം വാഹനത്തിൻറ്റെ ഭാഗങ്ങളെ ബാധിക്കുന്ന കാര്യങ്ങൾ
2. സാധാരണ ദിനം പ്രതി ചെയ്യുന്ന പരിപലനവും ഇടവിട്ട് ഇടവിട്ട് ചെയ്യുന്ന പരിപാലനവും
3. ബാറ്ററി പരിപാലനം
4. ടയർ പരിപാലനം, ട്യൂബ് വൾക്കനൈസിംഗ്
5. എൻജിൻ ട്യൂൺ ചെയ്യൽ
6. വീൽ അലൈന്മെൻറ്റ് പരിശോധിക്കൽ
7. ബ്രേക്ക് അഡ്ജസ്റ്റ്മെൻറ്റ്
8. ആക്സിലറേറ്റർ, ബ്രേക്ക്, ക്ലച്ച് എന്നീ പെഡലുകളുടെ അഡ്ജസ്റ്റ്മെൻറ്റ്
9. ഫാൻ ബെൽറ്റ് അഡ്ജസ്റ്റ്മെൻറ്റ്
10. ഡാഷ് ബോർഡിലെ മീറ്ററുകൾ നിരീക്ഷിക്കൽ
11. ലൂബ്രിക്കേഷൻ
12. എയർ ലോക്ക് മാറ്റലും ഓയിൽ ബ്ലോക്ക് മാറ്റലും

## കെ- പ്രഥമ ശുശ്രൂഷ

1. പ്രഥമ ശുശ്രൂഷയെ പരിചയപ്പെടുത്തൽ
2. പ്രഥമ ശുശ്രൂഷയുടെ ചുരുക്ക രൂപം

3. ശരീരത്തിൻ റ്റെ ഘടനയും പ്രവർത്തനങ്ങളും
4. ഡ്രസ്സ് ചെയ്യലും ബാൻറ്റേജ് ചെയ്യലും
5. ബ്ലഡ് സർക്കുലേഷൻ
6. മുറിവും രക്ത്സ്രാവവും
7. പ്രത്യേക ഭാഗങ്ങളിലെ രക്തസ്രാവം
8. വൈദ്യുതാഘാതം
9. ശ്വസനം
10. എല്ലുകൾക്കുള്ള പരിക്ക്
11. പൊള്ളൽ
12. ബോധക്ഷയം (പ്രതികരണമില്ലായ്മ)
13. വിഷം

(2) നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഡ്രൈവർമാരുടെ പരിശീലനത്തിന് വേണ്ടിയുള്ള പാഠഭാഗങ്ങളിൽ ഉപ വകുപ്പ് (1) പറഞ്ഞിരിക്കുന്ന സിലബസ്സിലെ **A,B,C,F,G,K** എന്ന ഭാഗങ്ങൾ ഉൾപ്പെടുത്തേണ്ടതും പരിശീലന കാലാവധി **21 ദിവസത്തിൽ** കുറയാൻ പാടില്ലാത്തതുമാണ്.

മോട്ടോർ സൈക്കിളുടെ കാര്യത്തിൽ സിലബസ്സിലെ C പാർട്ടിലെ മോട്ടോർ സൈക്കിൾ വാഹനത്തെ സംബന്ധിച്ചുള്ള ഭാഗങ്ങൾ പഠിപ്പിച്ചിട്ടുണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ആവിശ്യത്തിന് അനുസരിച്ചിട്ടുള്ളതായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

(3) **ട്രാൻസ്പോർട്ട് വാഹനങ്ങൾക്കായുള്ള** പരിശീലനത്തിൻറ്റെ പാഠങ്ങളിൽ ഉപവകുപ്പ് (1) പറഞ്ഞിരിക്കുന്ന സിലബസ്സിലെ **E,F,G,H,I,J,K** ഭാഗങ്ങൾ ഉൾക്കൊള്ളിക്കേണ്ടതും പരിശീലന കാലാവധി **30 ദിവസത്തിൽ കുറയാൻ** പാടില്ലാത്തതുമാണ്.

ഈ ചട്ടം നിലവിൽ വന്നതിന് ശേഷം ഈ പാഠഭാഗങ്ങൾ പഠിച്ച് മീഡിയം പാസഞ്ചർ വാഹനം അല്ലെങ്കിൽ മീഡിയം ഗുഡ്സ് വാഹനം ഓടിക്കാൻ ലൈസൻസ് എടുത്തിരിക്കുന്നവർ ഹെവി ഗുഡ്സ് വാഹനമോ അല്ലെങ്കിൽ ഹെവി പാസഞ്ചർ വാഹനമോ ഓടിക്കാൻ ഉള്ള ലൈസൻസിനായി അപേക്ഷിക്കുംബോൾ ഈ ചട്ടങ്ങൾ ബാധകമല്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

(4) **നോൺ ട്രാൻസ്പോർട്ട്** വാഹനങ്ങളുടെ ഡ്രൈവിംഗ് ട്രെയ്നികൾക്ക് യഥാർത്ഥത്തിലുള്ള ഓടിക്കൽ സമയം **10 മണിക്കൂറിൽ** കുറയാൻ പാടില്ലാത്തതും **ട്രാൻസ്പോർട്ട് വാഹനങ്ങളുടെ** ഡ്രൈവിംഗ് ട്രെയ്നികൾക്ക് യഥാർത്ഥത്തിലുള്ള ഓടിക്കൽ സമയം **15 മണിക്കൂറിൽ** കുറയാൻ പാടില്ലാത്തതുമാണ്.

മീഡിയം ചരക്ക് വാഹനങ്ങളുടേയൊ മീഡിയം യാത്രാ വാഹനങ്ങളുടെയോ ലൈസൻസുള്ളയാൾ ഹെവി വാഹനങ്ങളുടെ പരിശീലനം നടത്തുബോൾ 5 മണിക്കൂറിൽ കുറയാത്ത ഡ്രൈവിംഗ് പരിശീലനം ഉണ്ടെങ്കിൽ അത് മതിയാവുന്നതാണ് എന്ന് വ്യവ്സ്ഥ ചെയ്ത്റ്റിരിക്കുന്നു.

(5) മോട്ടോർ സൈക്കിൾ ഓടിക്കാനോ അല്ലെങ്കിൽ ഒരു ത്രീവീലർ നോൺ ട്രാൻസ്പോർട്ട് വാഹനം ഓടിക്കാനൊ അല്ലെങ്കിൽ മോട്ടോർ കാർ ഓടിക്കാനൊ അധികാരപ്പെടുത്തുന്ന ഒരു ലൈസൻസുള്ള ഒരു അപേക്ഷകൻ അതേ തരത്തിൽ പെട്ട ഒരു മോട്ടോർ ക്യാബ് ഓടിക്കാനുള്ള ലൈസൻസിനായി അപേക്ഷിക്കുംബോഴും ട്രാക്ടർ ഓടിക്കാൻ ലൈസൻസ് ഉള്ള ഒരാൾ ട്രാക്ടർ-ട്രെയ്ലർ കോമ്പിനേഷൻ ഓടിക്കാൻ അപേക്ഷിക്കുംബോഴും ഈ ചട്ടത്തിലെ ഒന്നും ബാധകമല്ല.

(6) ഏതെങ്കിലും പഠിതാക്കൾക്ക് **സെൻറ്റ്. ജോൺസ് ആമ്പുലൻസ് അസോസിയേഷൻ അനുവദിച്ചിരിക്കുന്ന പ്രഥമ ശുശ്രൂഷ സാക്ഷ്യപത്രം** ഉണ്ടെങ്കിൽ, അവൻ ഉപ വകുപ്പ് (1) പ്രകാരം പറയുന്ന സിലബസ്സിലെ Part K പരിശീലനം നടത്തേണ്ടതില്ല.